ചോദ്യോത്തരം

മുജീബ്

# കുടുംബം വിചാരണ ചെയ്യപ്പെടുന്നു

■ *"സത്യത്തിൽ ഇന്നത്തെ കുടുംബസംവിധാനത്തിനകത്തല്ലേ ഏറ്റവും കൂടുതൽ ബലപ്രയോഗവും അരാജകത്വവും സ്ത്രീപീഡനവും നടക്കുക. കുടുംബം ഈവിധ അനീതികൾക്ക് നിയമപരമായ സംരക്ഷണം നൽകുന്നു. ഇതുപോലെ വസ്തുതക്ക് നിരക്കാത്തതാണ് 'പടിഞ്ഞാറൻ നാട്ടിലെ കുടുംബ തകർച്ച കിഴക്കും ആയിക്കൊണ്ടിരിക്കുന്നു' എന്ന പ്രസ്താവവും. പടിഞ്ഞാറ് സ്ത്രീപുരുഷ ബന്ധത്തിൽ കൂടുതൽ സുതാര്യതയും തുറവിയുമുണ്ട്. എന്നും നമ്മുടേത് കൂടുതൽ രഹസ്യാത്മകവും അടക്കവുമുള്ളത് എന്ന് പറയുന്നതല്ലേ സത്യസന്ധമായ വിശേഷണം. അവിടെ പരമ്പരാഗത കുടുംബമെന്ന സ്ഥാപനത്തിന് ഉലച്ചിൽ പറ്റിയെങ്കിൽ സ്ത്രീപുരുഷ ബന്ധത്തിന് കൂടുതൽ ദൃഢതയും പരപ്പും ആഴവും ഉണ്ടായി എന്നതാണ് വസ്തുത. ഇവിടെ നമ്മൾ കുടുംബവുമായി ബന്ധിപ്പിച്ചത് ദ്വന്ദ്വമുഖ ധാർമികതയാണ്. ഫലമോ? ചൂഷണത്തിന്റെയും സ്വാർഥതയുടെയും ആവാസസ്ഥാനമായി നമ്മുടെ കുടുംബം രൂപപ്പെട്ടു കഴിഞ്ഞു. അതുകൊണ്ടാണ് 'കുടുംബമെന്ന സ്ഥാപനം തുലയണമെന്നും ഉത്തരവാദിത്വപരമായ സ്ത്രീപുരുഷബന്ധം രൂപപ്പെട്ടു വരണം എന്നും' ഞാൻ ഉറക്കെ പറയുന്നത്.*

*അതുപോലെ കുടുംബം, മതം, രാഷ്ട്രീയം എന്ന ത്രിമാനങ്ങൾ ജീർണിച്ചതെങ്കിലും ഇപ്പോഴും നിലനിൽക്കുന്ന മൂല്യങ്ങൾ കുടുംബത്തിലാണ് എന്ന് പറയുന്നതിനെ എല്ലാ രീതിയിലും എതിർക്കാനേ പറ്റുന്നുള്ളൂ. കുടുംബവും മതവും അവ ഉയർത്തിപ്പിടിച്ച മൂല്യങ്ങൾ വലിച്ചെറിഞ്ഞ്, താൻകോയ്മ, സ്വാർഥത, ആൾദൈവാരാധന, ആചാരാനുഷ്ഠാനങ്ങൾ, അന്ധവിശ്വാസജടിലമായ ഭക്തകൃത്യങ്ങൾ – ഒക്കെകൊണ്ട് വിഷലിപ്തമായി. പിന്നെയും അൽപം പൗരോന്മുഖതയും പൊതുതാൽപര്യവും ഇന്നും നിലകൊള്ളുന്നത് രാഷ്ട്രീയത്തിലാണ്. (കുടുംബത്തിന് ബദൽ സംഘ ജീവിതം – അലോഷ്യസ് ഡി. ഫെർണാണ്ടസ്, പച്ചക്കുതിര മാസിക 2010 ഏപ്രിൽ 10) പ്രതികരണം?*

***റഫീക്ക് പുതുക്കോട്***

**മാ**നവ സമൂഹം അതിന്റെ പിറവി തൊട്ടേ അനുപേക്ഷ്യവും പവിത്രവുമായി കരുതിപ്പോന്ന കുടുംബം എന്ന സങ്കൽപത്തിന് കേവല ഭൗതിക പ്രത്യയശാസ്ത്രങ്ങളും അന്ധവിശ്വാസ ജടിലമായ മതങ്ങളും ഗുരുതരമായി പരിക്കേൽപിച്ചതിന്റെ ആത്യന്തിക പ്രതികരണമാണ് ചോദ്യത്തിൽ ഉദ്ധരിച്ച വരികൾ. ക്യാപിറ്റലിസവും കമ്യൂണിസവും ഒരുപോലെ പ്രയോജനാത്മക വാദത്തിന്റെ ഭൂമികയിൽ നിന്നുകൊണ്ട് സ്ത്രീ–പുരുഷ ബന്ധങ്ങളെ വിലയിരുത്തിയപ്പോൾ കേവലം ഭോഗാസക്തി ശമനത്തിനും വേണമെന്നുണ്ടെങ്കിൽ മാത്രം സന്താനോൽപാദനത്തിനുമുള്ള ഉപാധിയായി അതിനെ കണ്ടു. മാതൃത്വമോ പിതൃത്വമോ സാഹോദര്യ ബന്ധമോ ആദരിക്കപ്പെടേണ്ടതായി ഭൗതികവാദികൾ കാണുന്നില്ല; പുത്രവാത്സല്യത്തിന് ജന്തുസഹജമായ വികാരമെന്നതിനപ്പുറം മാനങ്ങളുള്ളതായും അംഗീകരിക്കുന്നില്ല. അന്ധവിശ്വാസ ജടിലങ്ങളായ മതങ്ങളാകട്ടെ പുരോഹിതന്മാരുടെയും വ്യാജ ദൈവങ്ങളുടെയും സിദ്ധന്മാരുടെയും കളരികളായിത്തീർന്നു. തന്മൂലം സ്ത്രീകൾ ലൈംഗികമായി ചൂഷണം ചെയ്യപ്പെടുമ്പോൾ അതിനെതിരെ ഒച്ചവെക്കുന്നത് പോലും ദൈവകോപത്തിനും ശാപത്തിനും ഹേതുഭൂതമായിത്തീരുമെന്ന വിശ്വാസത്താൽ ആത്മീയ കേന്ദ്രങ്ങളുടെ മറവിൽ സ്ത്രീ പീഡനങ്ങൾ തുടർക്കഥയാവുന്നതാണ് നാം കാണുന്നത്. ഇതിനുള്ള പ്രതിവിധി പടിഞ്ഞാറിന്റെ ലൈംഗിക അരാജകത്വമോ കുടുംബജീവിത നിഷേധമോ അല്ല. അനുസ്യൂതം പെരുകുന്ന ബലാത്സംഗവും സത്രീപീഡനവും വിവാഹമോചനങ്ങളും നിയമസാധുത നേടിയെടുത്ത സ്വവർഗ രതിയും വ്യാജമായ ഏകപത്നീവ്രതവുമൊക്കെയാണ് പാശ്ചാത്യലോകത്തെ നീക്കിയിരുപ്പ്. ഇറാഖിൽ വിന്യസിക്കപ്പെട്ട ഒന്നര ലക്ഷത്തോളം അമേരിക്കൻ സൈനികരിലെ വനിതകൾ ടോയ്‌ലറ്റിൽ പോവാൻ പോലും നിർവാഹമില്ലാത്തവിധം പുരുഷ ഭടന്മാരാൽ വേട്ടയാടപ്പെടുകയാണെന്ന്

യു.എൻ മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്യുമ്പോൾ എന്ത് സൗഖ്യവും സമാധാനവുമാണവിടെ കാണാനുള്ളത്. ജാര സന്തതികളുടെ എണ്ണം ക്രമാതീതമായി പെരുകിയ ബ്രിട്ടനിൽ അവരുടെ സംരക്ഷണം സർക്കാറിന് തീരാ തലവേദനയായി മാറിയതാണോ ലൈംഗിക സ്വാതന്ത്ര്യത്തിന്റെ ഗുണഫലം?

"സ്വജാതിയിൽ നിന്നുതന്നെ ശാന്തി നുകരാനായി നിങ്ങൾക്ക് അവൻ ഇണകളെ സൃഷ്ടിച്ചു തന്നതും നിങ്ങൾക്കിടയിൽ സ്നേഹവും കാരുണ്യവും ഉണ്ടാക്കിത്തന്നതും അവന്റെ ദൃഷ്ടാന്തങ്ങളിൽ പെട്ടതാകുന്നു. നിശ്ചയം ചിന്തിക്കുന്നവർക്കതിൽ നിരവധി ദൃഷ്ടാന്തങ്ങളുണ്ട്" (30:21) എന്ന് പഠിപ്പിച്ച വിശുദ്ധ ഖുർആൻ സ്ത്രീ-പുരുഷ ബന്ധങ്ങളെ അപരിമേയമായ സ്നേഹത്താൽ കെട്ടിപ്പടുത്തു. പിതാവിന്റെ ബാധ്യതകളും അവകാശങ്ങളും മാതാവിന്റെ മഹനീയ പദവിയും ദമ്പതികളുടെ സ്നേഹോഷ്മള ബന്ധത്തിന്റെ സുദൃഢതയും സന്തതികളുടെ പരിലാളനയും ശിക്ഷണവുമെല്ലാം ചൂണ്ടിക്കാട്ടിക്കൊണ്ട് കുടുംബം എന്ന സ്ഥാപനത്തെ ബലിഷ്ഠവും ഭദ്രവുമാക്കി. വിള്ളലുകളുണ്ടാവുമ്പോൾ വേർപിരിയലിനെക്കുറിച്ച് ചിന്തിക്കാതെ അനുരഞ്ജനത്തിൽ വിളക്കിച്ചേർക്കുകയാണ് വേണ്ടതെന്ന് ഉദ്ബോധിപ്പിച്ചു. അഥവാ ബന്ധങ്ങൾ മുൾക്കിരീടമായാൽ കോടതി കയറി പരസ്പരം വിഴുപ്പലക്കേണ്ട കാര്യമില്ലെന്നും സമാധാനപരമായി പിരിഞ്ഞു വേറെ ബന്ധങ്ങളന്വേഷിക്കുകയാണ് വേണ്ടതെന്നും ചൂണ്ടിക്കാട്ടി. അതിന് സഹായകമായ വിധത്തിൽ ത്വലാഖും ഖുൽഉം ഫസ്ഖും ലളിത പ്രക്രിയകളാക്കി. ആദ്യത്തേത് പുരുഷന്റെ അവകാശമാണെങ്കിൽ രണ്ടാമത്തേതും മൂന്നാമത്തേതും സ്ത്രീയുടെ മോചന മാർഗങ്ങളാണ്. സ്വർഗം മാതാവിന്റെ കാൽകീഴിലാണെന്നും ദുനിയാവിൽ ഏറ്റവും ഉത്തമമായ സമ്പത്ത് നല്ലവളായ സ്ത്രീയാണെന്നും ദൈവം കഴിഞ്ഞാൽ മനുഷ്യർക്കേറ്റവും കടപ്പാടുകളുള്ളത് മാതാപിതാക്കളോടാണെന്നും പഠിപ്പിച്ച ഇസ്‌ലാമിനെ സത്യസന്ധമായും ആത്മാർഥമായും പിൻപറ്റുന്ന സമൂഹങ്ങളിൽ കുടുംബം സ്നേഹമധുരവും ഭദ്രവും ശക്തവുമായ സ്ഥാപനമായി നിലനിൽക്കും. അചാരപരമായി മാത്രം ഇസ്‌ലാമിനെ കൊണ്ടു നടക്കുന്നവർക്ക് ഈ അനുഗ്രഹം ആസ്വദിക്കാനാവില്ലെന്നതും സത്യമാണ്. ഇത് സ്വയം മനസ്സിലാക്കി ജീവിതത്തിൽ പകർത്തുകയും അന്യർക്ക് മാതൃകയാവുകയും ചെയ്യേണ്ടവരാണ് മുസ്‌ലിംകൾ.

## 'രാഷ്ട്രീയത്തിൽ ലീഗ് മതി'

■ *'കേരളത്തിലെ മുസ്‌ലിം രാഷ്ട്രീയം മുസ്‌ലിംലീഗിന് വിട്ടുതരണം, മറ്റു മുസ്‌ലിം സംഘടനകൾ അവരവരുടെ മേഖലകളിൽ പ്രവർത്തിക്കട്ടെ. ഏതെങ്കിലും രംഗത്ത് കുറച്ച് പ്രവർത്തിക്കുമ്പോഴേക്ക് ലീഗിന്റെ അത്ര എത്തിയെന്ന് ആരും കരുതേണ്ട. ലീഗിന്റെ പകരമാവുമെന്ന് പറഞ്ഞ് ഇടക്കിടെ വരുന്ന പാർട്ടികൾക്ക് നിവർന്നു നിൽക്കാൻപോലും കഴിഞ്ഞില്ല. മുസ്‌ലിം പ്രശ്നങ്ങളിൽ ലീഗിന് സ്ട്രോംഗ് പോരാ എന്ന് പറഞ്ഞാണ് ചിലർ രംഗത്ത് വന്നത്. അവരുടെ സ്ട്രോംഗിന്റെ അവസ്ഥ നാം കണ്ടു. നാട്ടുകാരെ രക്ഷിക്കാൻ ലീഗ് പോരാ എന്ന് പറഞ്ഞ് വന്നവരെ രക്ഷിക്കാൻ ലീഗ് തന്നെ രംഗത്തിറങ്ങേണ്ട അവസ്ഥയാണ്. ഈ പാർട്ടികൾ സമുദായത്തിനും നാടിനും ആപത്താണ്. ഇവർ അധികകാലം നിലനിൽക്കില്ല.' മുസ്‌ലിംലീഗ് സംസ്ഥാന പ്രസിഡന്റിന് തിരുവനന്തപുരം ജില്ലാ കമ്മിറ്റി നൽകിയ സ്വീകരണത്തിൽ മുഖ്യപ്രഭാഷണം നടത്തിയ സംസ്ഥാന സെക്രട്ടറി കുഞ്ഞാലിക്കുട്ടിയുടെ പ്രസംഗത്തിൽനിന്ന്. (മാധ്യമം ഏപ്രിൽ 17, 2010) പ്രതികരണം?*

***സി.കെ ഹാശിം റഷീദ് ഉളിയിൽ***

**മു**സ്‌ലിം ലീഗിന്റെ അതേ അജണ്ടയോടെ പേരിലൊഴിച്ചു ഒരു വ്യത്യാസവുമില്ലാതെ കുറെ മുസ്‌ലിം രാഷ്ട്രീയ പാർട്ടികൾ ഉണ്ടാവേണ്ടത് സമുദായത്തിന്റെയോ നാട്ടിന്റെയോ ആവശ്യമല്ലെന്നത് ശരിയാണ്. വോട്ടുകൾ ശിഥിലമാവുക മാത്രമാണ് അതുകൊണ്ടുള്ള നേട്ടം. ലീഗിന്റെ നേതൃത്വം ശരിയല്ലെന്നാരോപിച്ചു രംഗത്തിറങ്ങുന്നവർക്ക് വ്യത്യസ്തമായ മാതൃക കാണിക്കാൻ കഴിഞ്ഞില്ലെങ്കിൽ അതും നിരർഥകമായ ഏർപ്പാട് മാത്രമാവും.

എന്നാൽ, സാമുദായിക രാഷ്ട്രീയത്തിന്റെ ബാനറിലല്ലാതെ സാമൂഹിക നീതിക്കും മനുഷ്യാവകാശ സംരക്ഷണത്തിനും പീഡിത ജനവിഭാഗങ്ങളുടെ ശാക്തീകരണത്തിനും സാമ്രാജ്യത്വ വിരുദ്ധ പോരാട്ടത്തിനും വേണ്ടിയുള്ള ഒരു രാഷ്ട്രീയ പ്രസ്ഥാനത്തിന്റെ ആവശ്യകതയും പ്രസക്തിയും മുസ്‌ലിംലീഗ് ഇല്ലാതാക്കുന്നില്ല.

## മതം ഗുണകാംക്ഷ!

■ *'തീവ്രവാദ ശക്തികളുടെ രാഷ്ട്രീയ പ്രവേശം രാജ്യസുരക്ഷക്ക് കടുത്ത ഭീഷണി സൃഷ്ടിക്കു*

*മെന്ന് 'മതം ഗുണകാംക്ഷയാണ്' എന്ന പ്രമേയവുമായി ഐ.എസ്.എം രാമനാട്ടുകരയിൽ സംഘടിപ്പിച്ച ഏരിയാ സമ്മേളനം അഭിപ്രായപ്പെട്ടു. രാഷ്ട്രീയ പ്രവർത്തനം എന്ന വ്യാജേന പൊതുരംഗത്ത് കടന്നുവരാനുള്ള നീക്കമാണ് തീവ്രവാദ ഗ്രൂപ്പുകൾ നടത്തിക്കൊണ്ടിരിക്കുന്നത്. ഭൂരിപക്ഷ സമുദായത്തിന്റെ പേരിലായാലും ന്യൂനപക്ഷ സമുദായത്തിന്റെ പേരിലായാലും തീവ്രവാദം തല പൊക്കുന്നത് അപകടകരമാണ്.' (ഗൾഫ് മാധ്യമം 2010 ഏപ്രിൽ 20).*
*ഐ.എസ്.എം പ്രമേയം ആരെയായിരിക്കും ലക്ഷ്യമിടുന്നത്?*

***നസീർ പള്ളിക്കൽ, റിയാദ്***

**മ**തം ഗുണകാംക്ഷയാണ് എന്നല്ല റസൂൽ(സ) പറഞ്ഞത്, ദീൻ ഗുണകാംക്ഷയാണെന്നാണ്. ദീൻ എന്നാൽ സങ്കുചിത, സാമ്പ്രദായിക മതമല്ല, മനുഷ്യജീവിതത്തെ ആമൂലാഗ്രം ഉൾക്കൊള്ളുന്ന ദൈവിക സന്മാർഗമാണ്. അതിനെ രണ്ടായി പകുത്തു അതിപ്രധാനമായ രാഷ്ട്രീയ, സാമ്പത്തിക, സാമൂഹിക മേഖലകളെ ദൈവേതര വ്യവസ്ഥകൾക്ക് വിട്ടുകൊടുത്തവരുടെ കാമ്പയിൻ ദീനിന്റെ ഗുണകാംക്ഷയല്ല, വേറെ ആരുടെയോ ഗുണകാംക്ഷയാണ്. ദീനിന്റെ സമഗ്രരൂപവുമായി അതിനെ സമാധാനപൂർവം സ്ഥാപിക്കാൻ രംഗത്തിറങ്ങിയ ഇസ്‌ലാമിക പ്രസ്ഥാനത്തെ ഒളിഞ്ഞും തെളിഞ്ഞും ആക്രമിക്കുന്നത് യഥാർഥത്തിൽ പിശാചിനോടുള്ള ഗുണകാംക്ഷയാണെന്ന് അങ്ങനെ ചെയ്യുന്നവർ ആരായാലും തിരിച്ചറിയണം.

# വേട്ടയാടപ്പെടുന്നവന്റെ സങ്കടങ്ങൾ

■ *ജീവിതകാലത്ത് കുറെ നന്മകളും മനുഷ്യനെന്ന നിലയിൽ ചില തെറ്റുകളും സംഭവിച്ചുപോയ ഒരു വ്യക്തിയുടെ മേൽ സാക്ഷികളില്ലാതെ സംശയം മാത്രം തെളിവാക്കിയെടുത്ത് അയാൾ ചെയ്യാത്ത കുറ്റാരോപണവും അപവാദവും ചിലർ നടത്തുന്നു. തന്നിമിത്തം അയാൾക്കും കുടുംബത്തിനും ആത്മാഭിമാനം ക്ഷതപ്പെടുകയും അയാളുടെ സാമൂഹികബന്ധം തകരുകയും സാമ്പത്തിക തകർച്ച സംഭവിക്കുകയും ചെയ്തു കഴിഞ്ഞു. ജനിച്ച നാടും വീടും നഷ്ടപ്പെട്ട് കടഭാരവുമായി നീണ്ടകാലം ദാരിദ്ര്യവും സമൂഹത്തിൽ നിന്നുള്ള അവഗണനയും കുടുംബസമേതം ഇപ്പോഴും അനുഭവിച്ചുകൊണ്ടിരിക്കുന്നു. പല സൽഗുണങ്ങളും ചെയ്യാൻ കിട്ടുന്ന സാഹചര്യം അയാൾക്കും കുടുംബത്തിനും നഷ്ടപ്പെടുകയും ചെയ്യുന്നു.*
*അതിനാൽ കഠിനമായ മാനസിക പ്രയാസം അയാളും കുടുംബവും അനുഭവിക്കുകയാണ്. ഇത്തരം ഘട്ടങ്ങളിൽ കുറ്റം ആരോപിച്ചവരുടെ മേൽ ശാപപ്രാർഥന നടത്താൻ അയാൾക്ക് അനുമതിയുണ്ടോ? ദ്രോഹിച്ചവർക്ക് മർദ്ദിതൻ മാപ്പുകൊടുക്കാൻ ഇസ്‌ലാമിൽ വിധിയുണ്ടോ?*
*മർദ്ദിതർ ആരോപകരിൽനിന്ന് അകന്ന് നിൽക്കുന്നതിനാൽ 'മുസ്‌ലിംകൾ തമ്മിൽ മൂന്ന് ദിവസത്തിൽ കൂടുതൽ പിണങ്ങി നിൽക്കാൻ പാടില്ല' എന്ന നബി വചനത്തിന് അത് എതിരാകുമോ?*

***ഇ.കെ റഹ്മത്തുല്ലാഹ് കടന്നമണ്ണ***

**അ**പവാദപ്രചാരണവും അടിസ്ഥാനരഹിത ആരോപണങ്ങൾ ഉന്നയിക്കുന്നതും കേവലം ഊഹങ്ങളുടെ പേരിൽ ഒരാളെക്കുറിച്ച് തെറ്റായി വിധി എഴുതുന്നതും അക്ഷന്തവ്യമായ തെറ്റും പാപവുമാണ് ഇസ്‌ലാമിൽ. അപവാദം ലൈംഗികാരോപണമാണെങ്കിൽ എൺപതടി ശിക്ഷ വിധിക്കേണ്ട മഹാപാപമായി മാറുന്നു. നിരപരാധിത്വവും സത്യാവസ്ഥയും തെളിയിക്കാൻ മാന്യമായ രീതികൾ സ്വീകരിക്കുന്നതോടൊപ്പം ഇരകൾക്ക് വേണ്ടത് ക്ഷമയും സംയമനവുമാണ്. വൈകാരിക പ്രതികരണം ആരോപകരെ സന്തോഷിപ്പിക്കുകയേ ചെയ്യൂ.

ശാപപ്രാർഥനയേക്കാൾ എന്തുകൊണ്ടും അഭികാമ്യം സ്വന്തം മനസ്സമാധാനത്തിനും പ്രയാസങ്ങളിൽനിന്നു മോചനത്തിനുമുള്ള പ്രാർഥനയാണ്. മനസ്സിന്റെ വേവലാതികൾ അറിയുന്ന അല്ലാഹു കുറ്റവാളികളെ യഥാസമയം പിടികൂടി ശിക്ഷിച്ചുകൊള്ളും. മാപ്പ് ഉൽകൃഷ്ട ഗുണമാണ്. ഖുർആൻ അത് അങ്ങേയറ്റം പ്രോത്സാഹിപ്പിച്ചിട്ടുണ്ട്. പിണങ്ങിയവരോട് ഇണങ്ങുന്നതും പ്രവാചകാധ്യാപനം തന്നെ. മറുവശം പ്രതികരിക്കുന്നില്ലെങ്കിൽ അവരെ പാട്ടിന് വിട്ട് സ്വന്തം നന്മയുടെ വഴിതേടുക.

"നന്മയും തിന്മയും സമമാവുകയില്ല. ഏറ്റവും ഉത്തമമായത് കൊണ്ട് പ്രതിരോധിക്കുക. അപ്പോൾ നീയും ഏതൊരാളും തമ്മിൽ ശത്രുതയുണ്ടോ അവൻ ആത്മമിത്രമായി മാറുന്നത് കാണാം. എന്നാൽ ക്ഷമാശീലർക്കല്ലാതെ ആ അനുഗ്രഹം ലഭിക്കില്ല, മഹാസൗഭാഗ്യവാനല്ലാതെ ആ അനുഗ്രഹം ലഭിക്കില്ല" (41:34,35).

ഇതാണ് ഏത് പീഡിതനിൽനിന്നും ഇസ്‌ലാം ആഗ്രഹിക്കുന്ന സംസ്കാരം. അതോടൊപ്പം മർദിതന്റെ പ്രാർഥന നീ കരുതിയിരിക്കുക, കാരണം അതിനും അല്ലാഹുവിനുമിടയിൽ മറയില്ല എന്ന പ്രവാചകന്റെ മുന്നറിയിപ്പ് അപവാദപ്രചാരണം കൊണ്ട് മനുഷ്യരുടെ ജീവിതം ദുസ്സഹമാക്കുന്നവരും ഓർത്തിരിക്കേണ്ടതാണ്.

## ബാർബർമാരുമായി വിവാഹബന്ധം

■ *ചോദ്യം: പാരമ്പര്യമായി ബാർബർ ജോലി ചെയ്തുവന്ന ഒരു കുടുംബം. എന്നാൽ ഇപ്പോഴുള്ളവരെല്ലാം ഉദ്യോഗസ്ഥർ. പണ്ട് ഒസ്സാന്മാർ ആയിരുന്നതിനാൽ ആരും അവരുമായി വിവാഹബന്ധം നടത്താറില്ല. ആ കുടുംബത്തെ മുസ്‌ലിം സമൂഹത്തിൽ ഇങ്ങനെ ഒറ്റപ്പെടുത്തുന്നത് ശരിയാണോ? ഉത്തരം: ഇസ്‌ലാമിൽ ജാതിയില്ല. തൊഴിലിന്റെ അടിസ്ഥാനത്തിൽ ആരെയും ഒറ്റപ്പെടുത്തുന്നത് ശരിയുമല്ല. ഒസ്സാന്റെ വരുമാനം കറാഹത്താണെന്ന് ചില പണ്ഡിതന്മാർക്ക് അഭിപ്രായമുണ്ട്. എന്നാൽ പണ്ടുകാലത്ത് ഒസ്സാന്മാർ ആയിരുന്നു എന്നതിനാൽ ഇന്ന് നല്ലരീതിയിൽ കഴിയുന്ന അവരുമായി വിവാഹബന്ധം നടത്താത്തത് ഒരിക്കലും ശരിയല്ല.*
*ഒരു ചോദ്യത്തിന് കേരളത്തിലെ ഒരു മതപണ്ഡിതൻ നൽകിയ ഈ മറുപടിയെക്കുറിച്ച് മുജീബിന്റെ പ്രതികരണം?*

***എ. ജവാദ് ഇലിപ്പക്കുളം***

**ബാ**ർബർ ജോലി സമൂഹത്തിന് അനുപേക്ഷ്യമാണ്. അതിൽനിന്നുള്ള വരുമാനം ഹലാലായ സമ്പാദ്യവുമാണ്. തൊഴിലിന്റെ പേരിൽ വിവേചനം ഇസ്‌ലാമികമല്ല.

## സ്ത്രീ തൊഴിലാളിയുടെ വേഷം

■ *ജുമുഅ എല്ലാ സത്യവിശ്വാസികൾക്കും നിർബന്ധ കടമയാണ്. നാല് വിഭാഗമൊഴികെ - അടിമ (സ്ത്രീ, പുരുഷൻ), സ്ത്രീ, രോഗി, കുട്ടികൾ എന്നിവരാണവർ. അബൂദാവൂദ് റിപ്പോർട്ട് ചെയ്യുന്ന ഈ ഹദീസിൽ തൊഴിലെടുക്കുന്ന സ്ത്രീപുരുഷന്മാരെയല്ലേ അടിമ എന്നത് കൊണ്ട് സൂചിപ്പിക്കുന്നത്? അടിമസ്ത്രീക്ക് കൂടുതൽ സൗകര്യങ്ങൾ അനുവദിച്ചുകാണുന്നുണ്ടല്ലോ. അവരുടെ ഔറത്ത് പുരുഷന്റേതാണെന്നും പറയുന്നു. അതായത് മാറും തലമുടിയും കാണിച്ച് നടന്ന് പുരുഷനോടൊപ്പം പണിയെടുക്കുന്നതിൽ കുഴപ്പമില്ല എന്നല്ലേ ഈ നിയമം വ്യക്തമാക്കുന്നത്. അപ്പോൾ തൊഴിലെടുക്കുന്ന സ്ത്രീകൾ പർദ ധരിക്കേണ്ട കാര്യമില്ലെങ്കിലും ഇന്നത് അവരുടെ മേൽ അടിച്ചേൽപിച്ചിരിക്കുകയല്ലേ ചെയ്തിട്ടുള്ളത്?*

***കെ. ഷറഫുദ്ദീൻ പാണായി മലപ്പുറം***

**അ**ടിമ സമ്പ്രദായം നിലവിലിരുന്ന കാലത്ത് അവർ തൊഴിലെടുക്കുന്ന സാഹചര്യം മുൻനിർത്തി വസ്ത്രധാരണത്തിൽ ശരീഅത്ത് ഇളവ് അനുവദിച്ചിരുന്നു. ഇസ്‌ലാം അടിമത്തം ക്രമേണ നിർത്തലാക്കി. ഇന്ന് ലോകത്തെവിടെയും അടിമസമ്പ്രദായം നിലവിലില്ല. സ്വതന്ത്രരെ അടിമകളാക്കാൻ ആദ്യം മുതൽക്കേ ഇസ്‌ലാം അനുവദിച്ചിട്ടുമില്ല. യുദ്ധത്തടവുകാരായിരുന്നു പഴയ അടിമകൾ. ഇന്ന് യുദ്ധത്തടവുകാരുടെ കാര്യത്തിൽ രാഷ്ട്രാന്തരീയ കരാറും നിയമങ്ങളും ഉണ്ട്. അതിനാൽ അടിമത്ത സമ്പ്രദായം അപ്രസക്തമായിത്തീർന്നു.

തൊഴിലാളികൾ സ്വതന്ത്രരായ മനുഷ്യരാണ്. നിശ്ചിത സമയം കൂലിക്ക് പകരമായി ജോലിചെയ്യുന്ന അവർ ഒരു വിധത്തിലും അടിമകളല്ല. ഹിജാബ് പാലിച്ചുകൊണ്ട് ചെയ്യാവുന്ന ജോലികളേ മുസ്‌ലിം സ്ത്രീകൾ ചെയ്യേണ്ടതുള്ളൂ. മുഖവും മുൻകൈയും പുറത്താക്കിക്കൊണ്ടുള്ള ഹിജാബ് മിക്കവാറും തൊഴിലുകൾക്കൊന്നും തടസ്സമല്ല. സ്ത്രീ തൊഴിലാളികൾ മാത്രമുള്ള വേദികളിൽ ഹിജാബിന്റെ ആവശ്യവും ഇല്ല. ഒരു നിശ്ചിത വേഷമേ ഹിജാബ് ആകൂ എന്ന് ഖുർആനോ സുന്നത്തോ നിഷ്കർഷിച്ചിട്ടുമില്ല. ■